(ഡി) ഇല്ല.

(ഇ) ആകെ 68 ക്ലിനിക്കുകളുണ്ട്. ശരാശരി 107 രോഗികളെ അവിടെനിന്ന് ചികിത്സിക്കാറുണ്ട്.

(എഫ്) 109.

(ജി) ഇരുപതു കിടക്കകളുള്ള ഒരു കെട്ടിടവും, ഒരു തിയേറ്ററും പുതുതായി പണിയുന്നുണ്ട്. പതിനാറു കിടക്കകളുള്ള മലേറിയ ഷെഡ്ഡും പുതുക്കി പണിയുന്നു.

ഉപഷാപ്പുകൾ.

* 350. [47] ശ്രീ. എ. സി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഈ സംസ്ഥാനത്തു ഉപഷാപ്പുകൾ നടന്നുവരുന്നതായി പരാതികൾ ലഭിച്ചിട്ടില്ലേ ;

(ബി) തൊടുപുഴ താലൂക്കിൽനിന്നും ഇതിനകം എത്ര പരാതികൾ കിട്ടിട്ടുണ്ട്; എന്തു നടപടികൾ എടുത്തു ;

(സി) ഇപ്പോഴും നടന്നുവരുന്ന ഈ പ്രസ്ഥാനത്തിൽ ഒരുവിധി വരുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ചോദ്യത്തിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരം, ഏതു കാലത്തേക്കാണെന്ന് വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ ഉത്തരം പറയാൻ നിവൃത്തിയില്ല.

(സി) ഗവണ്മെൻറിലേക്ക് കിട്ടിയിട്ടുള്ള അറിവ് ഇപ്പോൾ ഉപഷാപ്പുകൾ നടക്കുന്നില്ലെന്നാണ്. ഇതിനു വേണ്ട നടപടികൾ ഡിപ്പാർട്ടുമെൻറിൽനിന്നും എടുത്തിട്ടുണ്ട്.

മിനിമം വേജസ്.

* 351. [49] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടാർ തൊഴിലാളികളുടെ മിനിമം വേജസ് ഗവണ്മെൻറിൽനിന്ന് പ്രഖ്യാപിച്ചിട്ട് ആറുമാസമായിട്ടുണ്ടോ? എത്ര മാസമായി;

(ബി) ഇതിനകം ഈ പ്രഖ്യാപനം നടപ്പിലാക്കുന്നതിനു ഗവണ്മെൻറിൽനിന്നു എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ;

(സി) ആകെയുള്ള മോട്ടാർ തൊഴിലാളികളിൽ എത്ര ശതമാനത്തിനു ഇതിനകം മിനിമംവേജസ് ലഭിച്ചിട്ടുണ്ട് ;

(ഡി) ബാക്കിയുള്ളവർക്കുകൂടി ലഭിക്കുന്നതിനു ഗവണ്മെൻറിൽനിന്നു എന്തുനടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ?

LIBRARY ARCHIVES Kerala Legislative Assembly